**വളരെ അടിയന്തരം**

Office of ... Thiruvananthapuram 23/5/17

**കേരള സർക്കാർ**

തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യു) വകുപ്പ്

നം.ഇ.ഡബ്ല്യു3/169/2017-തസ്വഭവ.

തിരുവനന്തപുരം,
തീയതി, 19 -05-2017.

പ്രിൻസിപ്പൽ സെക്രട്ടറി

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

| | |
|---|---|
| CE | |
| DCE | |
| AC | |
| | |
| JS | |

സർ,

**വിഷയം:-** തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം പ്രാദേശിക സർക്കാരുമായി സംയോജിപ്പിക്കുന്നത് - സംബന്ധിച്ച്.

**സൂചന:-**

തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം പ്രാദേശിക സർക്കാരുമായി സംയോജിപ്പിക്കുന്നത് സംബന്ധിച്ച് 11.05.2017 ലെ യോഗ തീരുമാനം നടപ്പാക്കുന്നത് സംബന്ധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കുന്നതിനായി, യോഗ നടപടിക്കുറിപ്പ് ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,
**ശ്രീജിത്ത്. വി.പി**
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിക്കു വേണ്ടി.

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

**തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗിനെ പ്രാദേശിക സർക്കാരുകളുമായി സംയോജിപ്പിക്കുന്നത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിനായി ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി 11.05.2017 ന് വിളിച്ചു ചേർത്ത മീറ്റിംഗിന്റെ മിനിട്സ്.**

യോഗനടപടികൾ മൂന്ന് മണിക്ക് ആരംഭിച്ചു.

യോഗത്തിൽ പങ്കെടുത്തവരുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

2017-'18 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തെ പ്രാദേശിക സർക്കാരുകളുമായി സംയോജിപ്പിക്കുന്നതിനായി നടത്തിയിട്ടുള്ള പ്രഖ്യാപനങ്ങൾ തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിക്കുന്നതിനുള്ള തീരുമാനത്തിന്റെ ആദ്യപടിയാണെന്നും ആയത് സർക്കാരിന്റെ നയപരമായ തീരുമാനമാണെന്നും ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ആമുഖമായി പറഞ്ഞു. അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ശമ്പളം വിതരണം ചെയ്യുക എന്നതുൾപ്പെടെയുള്ള തീരുമാനങ്ങൾ ഭരണപരമായ തീരുമാനം മാത്രമാണെന്നും ഇതുമൂലം എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാരുടെ ശമ്പളം പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങളുടെ വിതരണത്തിന് യാതൊരു തടസ്സവുമുണ്ടാകില്ലെന്നും മന്ത്രി ഉറപ്പ് നൽകി.

നിർദ്ദിഷ്ട സംയോജനത്തിലൂടെ എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാർ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഭരണ സമിതിയുടെ നിയന്ത്രണത്തിലാണ് വരികയെന്നും അല്ലാതെ സെക്രട്ടറിയുടെ കീഴിലല്ലയെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. 'Team work' പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായിട്ടാണ് നിർദ്ദിഷ്ട സംയോജനത്തെ കാണേണ്ടതെന്ന് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

എഞ്ചിനീയറിംഗ് വിഭാഗത്തെ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ സംയോജിപ്പിക്കുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ടെള്ളതിനാൽ അത് നടപ്പിലാക്കാൻ താൻ പ്രതിജ്ഞാബദ്ധമാണെങ്കിലും ശമ്പളം അതാത് സ്ഥാപനങ്ങൾ വഴി നൽകുമ്പോൾ 'SPARK' വഴി വിതരണം ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭിപ്രായപ്പെട്ടു. മുനിസിപ്പാലിറ്റികളിലെ സെക്രട്ടറിമാർക്ക് നിലവിൽ ഇപ്രകാരം 'SPARK' വഴിയാണ് ശമ്പളം വിതരണം ചെയ്യുന്നതെന്ന് അദ്ദേഹം പറഞ്ഞു. ഇതിന് മറുപടിയായി മുനിസിപ്പാലിറ്റിയുൾപ്പെടെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏകീകൃത സംവിധാനത്തിലേയ്ക്ക് കൊണ്ട് വരണമെന്നതാണ് സർക്കാർ നയം എന്ന കാര്യം ബഹു. മന്ത്രി അറിയിച്ചു.

വിശദമായ ചർച്ചകൾക്കു ശേഷം ചുവടെ പറയുന്ന തീരുമാനങ്ങൾ കൈകൊണ്ടു.

1. **ഹാജർ.** ഏകീകൃത ഹാജർ എന്ന നിർദ്ദേശം നടപ്പിലാക്കണം. ഹാജർ പുസ്തകത്തിന്റെ ചുമതല പ്രസിഡന്റിൽ നിക്ഷിപ്തമായിരിക്കും.
2. **ലീവ്, ടൂർ ഡയറി അംഗീകാരം.** അസിസ്റ്റന്റ് എഞ്ചിനീയർ മുതൽ ഉയർന്ന ഉദ്യോഗസ്ഥരുടെ കാഷ്വൽ ലീവ്, ടൂർ ഡയറി എന്നിവയ്ക്ക് അംഗീകാരം നൽകാനുള്ള അധികാരം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റിൽ നിക്ഷിപ്തമായിരിക്കണം. എഞ്ചിനീയറിംഗ് വിഭാഗത്തിലെ മറ്റു ജീവനക്കാരുടെ ലീവും, ടൂർ ഡയറി അംഗീകരിക്കലും നിലവിലുള്ള പോലെ തുടരും.
3. **ശമ്പള വിതരണം** . പ്രാദേശിക സർക്കാർ വഴി എഞ്ചിനീയറിംഗ് വിഭാഗത്തിന് ശമ്പളം നൽകാനും ഇതു പൂർണ്ണമായും സർക്കാർ റീ-ഇംമ്പേഴ്സ് ചെയ്യാനുമാണ്

ബഡ്ജറ്റ് പ്രസംഗം വിഭാവനം ചെയ്യുന്നത്. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം കൂടി ആരാഞ്ഞ ശേഷം അടിയന്തിരമായി ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്ന് യോഗം തീരുമാനിച്ചു.

4. **തസ്തികയുടെ പേര്-** തസ്തികയുടെ പേര്മാറ്റമെന്ന നിർദ്ദേശം തൽക്കാലം നടപ്പാക്കേണ്ടതില്ല.

5. **ഫീൽഡ് പരിശോധനക്കുള്ള വാഹനസൗകര്യവും യാത്രപ്പടിയും -.** ഫീൽഡ് പരിശോധനയ്ക്ക് ആവശ്യമായി എഞ്ചിനീയറിംഗ് വിഭാഗത്തിന് മാത്രമായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഒരു വാഹനം അനുവദിക്കണം. ഇതിനുള്ള നിർദ്ദേശം ചീഫ് എഞ്ചിനീയർ ഗവൺമെന്റിൽ സമർപ്പിക്കേണ്ടതാണ്.

6. **സപ്പോർട്ടിംഗ് സ്റ്റാഫ് പാറ്റേൺ** - ചീഫ് എഞ്ചിനീയർ മുതൽ അസിസ്റ്റന്റ് എഞ്ചിനീയർ വരെയുള്ള ഓഫീസർമാർക്ക് പൊതുമരാമത്ത് വകുപ്പിന് സമാനമായ സപ്പോർട്ടിംഗ് സ്റ്റാഫ് പാറ്റേൺ(ക്ലറിക്കൽ സ്റ്റാഫ്) നടപ്പിലാക്കണം. ഇതിനാവശ്യമായ സമഗ്ര നിർദ്ദേശം ചീഫ് എഞ്ചിനീയർ സമർപ്പിക്കേണ്ടതാണ്.

7. **അച്ചടക്കനടപടികൾ** - കേരള പഞ്ചായത്തീരാജ്, മുനിസിപ്പൽ ആക്ടുകളിൽ വിഭാവനം ചെയ്യുന്നതുപോലുള്ള അച്ചടക്കനടപടികൾക്ക് പ്രാദേശിക സർക്കാരുകൾക്ക് അധികാരം ഉണ്ടാകും. ബന്ധപ്പെട്ട ചട്ടങ്ങൾ ഭേദഗതി വരുത്തേണ്ടതുണ്ടെങ്കിൽ അതിനു നടപടി സ്വീകരിക്കണം.

മീറ്റിംഗിൽ പങ്കെടുത്തവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ശ്രീ. ടി.കെ. ജോസ്, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
2. ശ്രീ. പി.ആർ. സജികുമാർ, ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
3. ശ്രീമതി. മിനിമോൾ എബ്രഹാം, അഡീഷണൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
4. ശ്രീ. ശ്രീജിത്ത്. വി.പി, അണ്ടർ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
5. ശ്രീ സി. എൻ. ബാബു, ജോയിന്റ് ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്.
6. ശ്രീമതി. മിനി. പി.എ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, നഗരകാര്യ വകുപ്പ്
7. ശ്രീ. അസീം. എ, സെക്ഷൻ ഓഫീസർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ശ്രീ. സുജിത്ത്. ജി. ആർ. അസിസ്റ്റന്റ്, തദ്ദേശസ്വയംഭരണ വകുപ്പ്
9. ശ്രീ. സന്തോഷ്, അഡീഷണൽ കമ്മീഷണർ, ഗ്രാമവികസന വകുപ്പ്.